## ക്രിസ്തുവാണ് കേന്ദ്രം

വിശ്വാസവർഷസമാപനം 2014 നവംബർ 224-ന് റോമിൽ വച്ച് നടന്നപ്പോൾ ബ. ചേടിയത്തച്ചനും അതിൽ സംബന്ധിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ പ്രധാന കാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. സുവിശേഷവായന കഴിഞ്ഞുള്ള പ്രസംഗത്തിൽ, കൊളോസ്യലേഖനത്തെ ആസ്പദമാക്കി, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കേന്ദ്രസ്ഥാനത്തെ കുറിച്ച് പരിശുദ്ധ പിതാവ് പ്രസംഗിച്ചു:

"ക്രിസ്തുവാണ് കേന്ദ്രസ്ഥാനത്ത്. ക്രിസ്തുവാണ് കേന്ദ്രബിന്ദു. ക്രിസ്തുവാണ് സൃഷ്ടിയുടെ കേന്ദ്രം. ക്രിസ്തുവാണ് തന്റെ ജനത്തിന്റെ കേന്ദ്രം. ക്രിസ്തുവാണ് ചരിത്രത്തിന്റെ കേന്ദ്രം. ക്രിസ്തുവാണ് എല്ലാറ്റിന്റെയും കേന്ദ്രം. ക്രിസ്തുവാണ് അനരഞ്ജനത്തിന്റെ കേന്ദ്രം. ക്രിസ്തുവാണ് മാനവചരിത്രത്തിന്റെയും ഓരോ വ്യക്തിയുടെയും കേന്ദ്രം. ക്രിസ്തു കേന്ദ്രമായിരിക്കുമ്പോൾ, നമ്മുടെ ജീവിതങ്ങളുടെ ഇരുണ്ട കാലങ്ങളിൽ പോലും പ്രകാശം തിളങ്ങുന്നു. നല്ല കള്ളന് പ്രത്യാശ നൽകിയതുപോലെ, ക്രിസ്തു നമുക്ക് പ്രത്യാശ നൽകുന്നു....'യേശുവേ, എന്നെയും ഓർക്കണമെ.' അവിടുന്ന് കേന്ദ്രത്തിൽ ആകയാൽ, അവിടുത്തേക്ക് എന്നെ ഓർക്കാൻ കഴിയും...'കർത്താവേ, എന്നെയും ഓർക്കണമെ' എന്ന് നിരന്തരം പ്രാർഥിക്കാം. - ഈ ആശയങ്ങൾ വിശദീകരിച്ചു കൊണ്ടായിരുന്നു മാർപാപ്പായുടെ ഹോമിലി.

നവംബർ 26-ന് മാർപാപ്പായുടെ പ്രഭാതദിവ്യബലിയിലും സംബന്ധിക്കാൻ എനിക്ക് അവസരം കിട്ടി. കുർബാനമധ്യേയുള്ള സുവിശേഷം വായിക്കാനും കുർബാനയ്ക്കുശേഷം മാർപാപ്പായുടെ കൈമുത്തി അൽപ്പസമയം സംസാരിക്കാനും **മലങ്കര കത്തോലിക്കാസഭ** എന്ന എന്റെ ഗ്രന്ഥം മാർപാപ്പായ്ക്കു സമർപ്പിക്കാനും സാധിച്ചു. നമ്മുടെ കർദിനാൾ മാർ ക്ലീമീസ് കാതോലിക്കാ ബാവായുടെ ക്ഷണപ്രകാരം അവിടെത്തന്നെ പ്രഭാതഭക്ഷണം കഴിക്കാനും അവസരം ലഭിച്ചു. **കാസാ സാന്താ മാർതാ** എന്ന ഗസ്റ്റ് ഹൗസിന്റെ ഭക്ഷണമുറിയിലാണ് മാർപാപ്പായും കാപ്പി കടിക്കാനെത്തിയത്.

ലാളിത്യത്തിന്റെ മൂർത്തീഭാവമാണ് അദ്ദേഹം. ജനങ്ങളുടെ ഇടയിൽ ആയിരിക്കുന്നതിനാണ് അദ്ദേഹത്തിനു താൽപ്പര്യം. വളരെ സന്തോഷപ്രകൃതമാണ് അദ്ദേഹത്തിന്റേത്. ദൈവാത്മാവിന്റെ ചൈതന്യം അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നു. എല്ലാവരെയും പരിഗണിക്കുന്ന പ്രകൃതമാണ് അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ താമസം മേൽപ്പറഞ്ഞ ഗസ്റ്റ് ഹൗസിലാണെങ്കിലും ഔദ്യോഗിക കാര്യങ്ങൾ വത്തിക്കാൻ കൊട്ടാരത്തിലെ ഓഫീസിലാണ് നിർവഹിക്കുന്നത്. കാലത്തിനൊത്ത് സഭയിൽ മാറ്റങ്ങൾ വരുത്തണമെന്ന് അദ്ദേഹം ആത്മാർഥമായി ആഗ്രഹിക്കുന്നു. വീക്ഷണങ്ങളിലും കാര്യങ്ങളുടെ നടത്തിപ്പിലുമെല്ലാം മാറ്റത്തിന്റെ കാറ്റ് അദ്ദേഹം തുറന്നു വിട്ടിരിക്കയാണ്. "കാരുണ്യം"(മിസെരിക്കോർദിയാ) എന്ന പദമാണ് അദ്ദേഹം കൂടുതലായി ഉപയോഗിക്കുന്നത്. ദരിദ്രരോടും എളിയവരോടും രോഗികളോടും വൃദ്ധരോടും കുഞ്ഞുങ്ങളോടും സകല മനുഷ്യരോടും കാരുണ്യം കാണിക്കുന്ന പാപ്പായെയാണ് നാം അദ്ദേഹത്തിൽ ദർശിക്കുന്നത്. 'എനിക്കു വേണ്ടി പ്രാർഥിക്കണം' എന്നാണ് എന്നോട് അവസാനം പറഞ്ഞത്. നമ്മുടെ കാലഘട്ടത്തിൽ ദൈവത്തിന്റെ മഹാദാനമാണ് ഫ്രാൻസിസ് മാർപാപ്പാ.

## ഗുരുപൂജാപുരസ്കാരം

കെസിബിസി മീഡിയാക്കമ്മീഷന്റെ ഗുരുപൂജാപുരസ്കാരത്തിന് ബ. ഗീവർഗീസ് ചേടിയത്ത് അച്ചൻ തെരഞ്ഞെടുക്കപ്പെട്ടു. കെസിബിസി ആസ്ഥാനത്തു വച്ച് 2014 ഫെബ്രുവരി 27-ന് അവാർഡ് സമർപ്പണം നടത്തുന്നതാണ്.